2950

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# വിവാഹിതരായ സ്ത്രീകളുടെ വസ്തു ആക്ററ്, 1874

(1874-ലെ 3-ാം ആക്ററ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ളപ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

വില :

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# വിവാഹിതരായ സ്ത്രീകളുടെ വസ്തു ആക്റ്റ്, 1874

(1874-ലെ 3-ാം ആക്റ്റ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്
1976

# വിവാഹിതരായ സ്ത്രീകളുടെ വസ്തു ആക്ററ്, 1874

(1874-ലെ 3-ാം ആക്ററ്)

## വിവാഹിതരായ ചില സ്ത്രീകളെ സംബന്ധിച്ച നിയമം വിശദീകരിക്കുവാനും, ഭേദഗതി ചെയ്യുവാനും, മററ് ആവശ്യങ്ങൾക്കും ഉള്ള ആക്ററ്.

[1874 ഫെബ്രുവരി 24]

ആമുഖം.— 1866 ജനുവരി ഒന്നാം ദിവസത്തിനു മുമ്പ് വിവാഹം കഴിച്ച
സ്ത്രീകൾക്ക് കൂലിയും ഉപാർജ്ജിതവും അനുഭവിക്കുന്നതിലേക്കും, ആ
ദിവസത്തിനു മുമ്പോ പിമ്പോ വിവാഹം കഴിച്ച ആളുകളാലുള്ള ലൈഫ് ഇൻഷ്വ
റൻസുകൾക്കും ഇതിൽ ഇതിനുശേഷം കാണുന്നതുപോലുള്ള വ്യവസ്ഥകൾ
ഉണ്ടാക്കുന്നത് സമീചീനമായിരിക്കയാലും;

യാതൊരാളും വിവാഹം വഴി അയാളോ അവളോ വിവാഹം കഴിക്കുന്ന
ആളുടെ വസ്തുവിൽ ഏതെങ്കിലും അവകാശം ആർജ്ജിക്കുകയോ, അല്ലെങ്കിൽ
അയാളുടെയോ അവളുടെയോ സ്വന്തം വസ്തുസംബന്ധിച്ച്, വിവാഹം കഴി
ച്ചിട്ടില്ലായിരുന്നെങ്കിൽ അയാൾക്കോ അവൾക്കോ ചെയ്യാമായിരുന്ന ഏതെങ്കിലും
കൃത്യം ചെയ്യുവാൻ അസമർത്ഥതയുള്ള ആളായിത്തീരുകയോ ചെയ്യുന്നത
ല്ലെന്ന് ഇൻഡ്യൻ പിൻതുടർച്ചാവകാശ ആക്ററ്, 1865 (1865-ലെ 10) 4-ാം
വകുപ്പ് അധിനിയമം ചെയ്തിരിക്കുകയാലും;

മുൻപറഞ്ഞ ആക്ററിന്റെ ബലത്താൽ, ഏതെല്ലാം സ്ത്രീകളുടെ വിവാഹ
ങ്ങൾക്കാണോ അത് ബാധകമാകുന്നത്, അവരെല്ലാം അവരിൽ നിക്ഷിപ്ത
മായതോ, അവർ ആർജ്ജിച്ചതോ ആയ എല്ലാം വസ്തുക്കളുടേയും പരിപൂർണ്ണ
ഉടമസ്ഥർ ആയിരിക്കുകയും, അങ്ങനെയുള്ള വസ്തുവിൽ അവരുടെ ഭർത്താ
ക്കൻമാർ അവരുടെ വിവാഹം വഴി ഏതെങ്കിലും അവകാശം ആർജ്ജിക്കാതിരി
ക്കുകയും, എന്നാൽ മുൻപറഞ്ഞ ആക്ററ് അങ്ങനെയുള്ള ഭർത്താക്കൻമാരെ
അവരുടെ ഭാര്യമാരുടെ വിവാഹത്തിനു മുമ്പ് ഉണ്ടായിട്ടുള്ള കടങ്ങൾ മൂലമുള്ള
ബാദ്ധ്യതകളിൽനിന്ന് സംരക്ഷിക്കാതിരിക്കുകയും, അങ്ങനെയുള്ള ഭാര്യ
മാരാലോ അവർക്കെതിരായോ ഉള്ള തീർച്ചകൾ പ്രാവർത്തികമാക്കുന്നതിന്
പ്രകടമായി വ്യവസ്ഥ ചെയ്യാതിരിക്കുകയും ചെയ്യുന്നതിനാലും;

ഇതിനാൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

## I. പ്രാരംഭികം

1. ചുരുക്കപ്പേര്.— ഈ ആക്ററിന് വിവാഹിതരായ സ്ത്രീകളുടെ വസ്തു ആക്ററ്, 1874 എന്ന് പേർപറയാവുന്നതാണ്.

2. <u>വ്യാപ്തിയും ബാധകമാകലും.</u>— ഇത് ജമ്മു-കാശ്മീർ സ്റ്റേററ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്:

എന്നാൽ ഇതിൽ അടങ്ങിയിരിക്കുന്ന യാതൊന്നും, തൻെറ വിവാഹസമയത്ത് ഹിന്ദുമതത്തിലോ, മുഹമ്മദുമതത്തിലോ, ബുദ്ധമതത്തിലോ, സിക്കുമതത്തിലോ, ജൈനമതത്തിലോ വിശ്വാസം പ്രകടിപ്പിച്ചിരുന്ന വിവാഹിതയായ ഒരു സ്ത്രീക്കോ അല്ലെങ്കിൽ ഏതു സ്ത്രീയുടെ ഭർത്താവാണോ അങ്ങനെയുള്ള വിവാഹസമയത്ത് ആ മതങ്ങളിൽ ഏതിലെങ്കിലും വിശ്വാസം പ്രകടിപ്പിച്ചിരുന്നത്, അങ്ങനെയുള്ള ഏതെങ്കിലും വിവാഹിതയായ സ്ത്രീക്കോ ബാധകമാകുന്നതല്ല,

കൂടാതെ സ്റ്റേററ് ഗവൺമെൻറിന്, അതതുസമയത്ത് ഉത്തരവുവഴി ഈ ആക്ററ് പാസാക്കുന്നതുമുതല്ക്ക് മുൻകാലപ്രാബല്യത്തോടുകൂടിയോ പില്ക്കാലപ്രാബല്യത്തോടുകൂടിയോ ഏതെങ്കിലും വംശത്തിലേയോ മതവിഭാഗത്തിലേയോ, ഗോത്രവർഗ്ഗത്തിലേയോ അല്ലെങ്കിൽ ഒരു വംശത്തിൻേറയോ മതവിഭാഗത്തിൻേറയോ ഗോത്രവർഗ്ഗത്തിൻേറയോ ഭാഗത്തിലേയോ, ഏത് അംഗങ്ങൾക്കാണോ അങ്ങനെയുള്ള വ്യവസ്ഥകൾ ബാധകമാകുന്നത് അസാദ്ധ്യമാണെന്നോ സമിചീനമല്ലെന്നോ സ്റ്റേററുഗവൺമെൻറ് കരുതുന്നത്, അങ്ങനെയുള്ള ഏതെങ്കിലും അംഗങ്ങളെ ഈ ആക്ററിൻെറ എല്ലാ വ്യവസ്ഥകളുടേയുമോ അല്ലെങ്കിൽ ഏതെങ്കിലും വ്യവസ്ഥയുടേയോ പ്രവർത്തനത്തിൽനിന്ന് ഒഴിവാക്കാവുന്നതാണ്.

സ്റ്റേററ് ഗവൺമെൻറിന് അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവ് പിൻവലിക്കാവുന്നതാണ്, എന്നാൽ അത് പിൻവലിക്കലിന് ഏതെങ്കിലും മുൻകാലപ്രാബല്യം ഉണ്ടാകത്തക്കവിധമായിരിക്കരുത്.

ഈ വകുപ്പിൻ കീഴിലുള്ള എല്ലാ ഉത്തരവുകളും പിൻവലിക്കലുകളും ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

3. പ്രാരംഭം (റദ്ദാക്കപ്പെട്ടു)

## II. വിവാഹിതരായ സ്ത്രീകളുടെ കൂലിയും ഉപാർജ്ജിതവും.

4. <u>വിവാഹിതരായ സ്ത്രീകളുടെ ഉപാർജ്ജിതം അവരുടെ പ്രത്യേക വസ്തു ആയിരിക്കുമെന്ന്.</u>— ഈ ആക്ററ് പാസാക്കിയതിനുശേഷം, ഏതെങ്കിലും വിവാഹിതയായ സ്ത്രീ, അവളുടെ ഭർത്താവല്ലാതെ അവരം നടത്തുന്ന ഏതെങ്കിലും നിയോജനത്തിലോ ജീവനത്തിലോ വ്യാപാരത്തിലോ നിന്ന് ആർജ്ജിക്കുകയോ നേടുകയോ ചെയ്യുന്ന കൂലിയും ഉപാർജ്ജിതവും;

കൂടാതെ ഏതെങ്കിലും സാഹിത്യപരമോ കലാപരമോ ശാസ്ത്രപരമോ ആയ നൈപുണ്യം പ്രയോഗിക്കുന്നതുവഴി അവരം അങ്ങനെ ആർജ്ജിക്കുന്ന ഏതെങ്കിലും പണവും അല്ലെങ്കിൽ മററു വസ്തുവും,

അങ്ങനെയുള്ള കൂലിയിലും ഉപാർജ്ജിതത്തിലും വസ്തുക്കളിൽനിന്നും അവയുടെ നിക്ഷേപങ്ങളിൽനിന്നുമുള്ള എല്ലാ സമ്പാദ്യങ്ങളും,

അവളുടെ പ്രത്യേക വസ്തുവായി കരുതപ്പെടുന്നതും അവളുടെ രസീതുകൾ മാത്രം അങ്ങനെയുള്ള കൂലിക്കും ഉപാർജ്ജിതത്തിനും വസ്തുവിനും ബാദ്ധ്യത വിടുത്തുവാൻ മതിയായവയായിരിക്കുന്നതും ആണ്.

## III. ഭാര്യയും ഭർത്താവും ഇൻഷ്വർ ചെയ്യുന്നത്

5. വിവാഹിതയായ സ്ത്രീയ്ക്ക് ഇൻഷ്വറൻസ് പാളിസി എടുക്കാമെന്ന്.— ഏതെങ്കിലും വിവാഹിതയായ സ്ത്രീക്ക് ഭർത്താവിനെ അപേക്ഷിക്കാതെ തനിക്ക് തന്നെ വേണ്ടി ഇൻഷ്വറൻസ് പാളിസി എടുക്കാവുന്നതും, അത് അപ്രകാരം എടുത്തിട്ടുള്ളതാണെന്ന് പ്രഥമദർശനത്തിൽ കാണത്തക്കവിധം പ്രകടമാക്കിയിട്ടുണ്ടെങ്കിൽ, അതും അതിന്റെ എല്ലാ ഗുണങ്ങളും അവളുടെ പ്രത്യേക വസ്തുവായി ഫലത്തിൽ വരുന്നതും, അങ്ങനെയുള്ള പാളിസി തെളിവായിട്ടുള്ള കാൺട്രാക്റ്റ് അവിവാഹിതയായ ഒരു സ്ത്രീയുമായി ഉണ്ടാക്കിയതായിരുന്നാലെന്നപോലെ സാധുവായിരിക്കുന്നതും ആകുന്നു.

6. (1) ഭാര്യയുടെ ഗുണത്തിനായി ഭർത്താവ് ഇൻഷ്വർ ചെയ്യുന്നത്.— ഏതെങ്കിലും വിവാഹിതനായ പുരുഷൻ, തന്റെ സ്വന്തം ലൈഫിൻമേൽ എടുത്തിട്ടുള്ളതും, അത് അയാളുടെ ഭാര്യയുടേയോ, ഭാര്യയുടേയും കുട്ടികളുടേയുമോ, അവരിൽ ആരുടേയെങ്കിലുമോ ഗുണത്തിനുള്ളതാണെന്ന് പ്രഥമദർശനത്തിൽ കാണത്തക്കവിധം പ്രകടമാക്കിയിട്ടുള്ളതുമായ ഒരു ഇൻഷ്വറൻസ് പാളിസി, അപ്രകാരം പ്രകടമാക്കിയിട്ടുള്ള അവകാശം അനുസരിച്ച് അയാളുടെ ഭാര്യയുടേയോ, ഭാര്യയുടേയും കുട്ടികളുടേയുമോ അവരിൽ ആരുടേയെങ്കിലുമോ ഗുണത്തിനുള്ള ഒരു ട്രസ്റ്റ് ആയി ഫലത്തിൽവരുന്നതും, അങ്ങനെയുള്ളതാണെന്ന് കരുതപ്പെടുന്നതും, ട്രസ്റ്റിന്റെ ഏതെങ്കിലും ലക്ഷ്യം അവശേഷിക്കുന്നിടത്തോളം ഭർത്താവിന്റേയോ, അയാളുടെ ഉത്തമർണ്ണൻമാരുടേയോ നിയന്ത്രണത്തിന് വിധേയമാവുകയോ, അയാളുടെ എസ്റ്റേറ്റിന്റെ ഭാഗമായിത്തീരുകയോ ചെയ്യുന്നതല്ലാത്തതുമാകുന്നു.

പാളിസി ഉറപ്പുനല്കുന്ന തുക കൊടുക്കാനുള്ളതായിത്തീരുമ്പോൾ, അത് വാങ്ങുവാനും കൈയിൽ വയ്ക്കുവാനും പ്രത്യേകട്രസ്റ്റികൾ മുറപ്രകാരം നിയമിക്കപ്പെട്ടിട്ടില്ലാത്തപക്ഷം, അത് ഇൻഷ്വറൻസ് എടുത്തിട്ടുള്ള ആഫീസ് സ്ഥിതിചെയ്യുന്ന സ്റ്റേറ്റിലെ അഫീഷ്യൽട്രസ്റ്റിക്കു കൊടുക്കേണ്ടതും, അദ്ദേഹം അത് പാളിസിയിൽ പ്രകടമാക്കിയിട്ടുള്ളതോ അപ്പോൾ നിലവിലുള്ളതോ ആയ ട്രസ്റ്റുകളിൻമേൽ വാങ്ങുകയും കൈയിൽ വയ്ക്കുകയും ചെയ്യേണ്ടതും ആകുന്നു.

അങ്ങനെയുള്ള തുക സംബന്ധിച്ച്, എല്ലാ സംഗതികളിലും, അദ്ദേഹത്തിന് 1864-ലെ 17-ാം നമ്പർ ആക്റ്റ് (അഫീഷ്യൽട്രസ്റ്റിയുടെ ഉദ്യോഗം രൂപവൽക്കരിക്കുന്നതിനുള്ളത്) 10-ാം വകുപ്പിൻകീഴിൽ ഹൈക്കോടതിയാൽ മുറപ്രകാരം അതിന്റെ ട്രസ്റ്റിയായി നിയമിക്കപ്പെട്ടിട്ടുണ്ടായിരുന്നാലെന്നപോലെയുള്ള അതേ നില ഉണ്ടായിരിക്കുന്നതും ആണ്.

ഇതിൽ അടങ്ങിയ യാതൊന്നും, ഉത്തമർണ്ണൻമാരെ വഞ്ചിക്കാനുള്ള ഉദ്ദേശ്യത്തോടുകൂടി എടുത്തിട്ടുണ്ടായിരിക്കാവുന്ന ഏതെങ്കിലും ഇൻഷ്വറൻസ് പാളിസിയിൽ നിന്ന് കിട്ടാനുള്ളതിൽനിന്ന് പണം കിട്ടാനുള്ള ഏതെങ്കിലും ഉത്തമർണ്ണന്റെ അവകാശത്തെ നശിപ്പിക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുന്നവിധം പ്രാവർത്തികമാകുന്നതല്ല.

(2) 2-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 1-ാം വകുപ്പിലെ വ്യവസ്ഥകൾ അതിൽ പരാമർശിക്കപ്പെട്ടപോലെയുള്ളതും,—

(ക) ഏതെങ്കിലും ഹിന്ദുവോ, മുഹമ്മദീയനോ, സിക്കുകാരനോ, ജൈനനോ—

(i) മദ്രാസിൽ 1913 ഡിസംബർ മുപ്പത്തൊന്നാം ദിവസത്തിനു ശേഷമോ;

(ii) വിവാഹിതരായ സ്ത്രീകളുടെ വസ്തു (വ്യാപിപ്പിക്കൽ) ആക്റ്റ്, 1959-ന്റെ പ്രാരംഭത്തിന് തൊട്ടുമുമ്പ് ഈ ആക്റ്റ് വ്യാപിച്ചിരുന്ന മറ്റേതെങ്കിലും രാജ്യക്ഷേത്രത്തിൽ 1923 ഏപ്രിൽ ഒന്നാം ദിവസത്തിന് ശേഷമോ ;

(iii) വിവാഹിതരായ സ്ത്രീകളുടെ വസ്തു (വ്യാപിപ്പിക്കൽ) ആക്റ്റ്, 1959-ന്റെ പ്രാരംഭത്തിലും അതുമുതല്ക്കും ഈ ആക്റ്റ് വ്യാപിക്കുന്ന ഏതെങ്കിലും രാജ്യക്ഷേത്രത്തിൽ, അങ്ങനെയുള്ള പ്രാരംഭത്തിലോ, അതിനുശേഷമോ ;

(ഖ) ഈ ആക്റ്റ് വ്യാപിക്കുന്ന ഏതെങ്കിലും രാജ്യക്ഷേത്രത്തിൽ, ഒരു ബുദ്ധമതക്കാരൻ, വിവാഹിതരായ സ്ത്രീകളുടെ വസ്തു (വ്യാപിപ്പിക്കൽ) ആക്റ്റ്, 1959-ന്റെ പ്രാരംഭത്തിലോ അതിനുശേഷമോ,

എടുത്തിട്ടുള്ളതുമായ ഏതെങ്കിലും ഇൻഷ്വറൻസ് പാളിസിയുടെ സംഗതിയിൽ ബാധകമാകുന്നതാണ് :

എന്നാൽ ഇതിൽ അടങ്ങിയ യാതൊന്നും—

(i) (ക) ഖണ്ഡത്തിലെ (ii)-ാം ഉപഖണ്ഡം ബാധകമാകുന്ന ഏതെങ്കിലും സംഗതിയിൽ, 1923 ഏപ്രിൽ ഒന്നാം ദിവസത്തിനുമുമ്പോ;

(ii) (ക) ഖണ്ഡത്തിലെ (iii)-ാം ഉപഖണ്ഡമോ (ഖ) ഖണ്ഡമോ ബാധകമാകുന്ന ഏതെങ്കിലും സംഗതിയിൽ വിവാഹിതരായ സ്ത്രീകളുടെ വസ്തു (വ്യാപിപ്പിക്കൽ) ആക്റ്റ്, 1959-ന്റെ പ്രാരംഭത്തിനുമുമ്പോ,

പാസ്സാക്കപ്പെടുന്ന ക്ഷമതയുള്ള ഒരു കോടതിയുടെ ഏതെങ്കിലും വിധിയ്ക്കു കീഴിൽ ഉദ്ഭൂതമാകുന്നതോ നേരിടുന്നതോ ആയ ഏതെങ്കിലും അവകാശത്തേയോ ബാദ്ധ്യതയേയോ ബാധിക്കുന്നതല്ല.

## IV. വിവാഹിതരായ സ്ത്രീകളാലും അവർക്കെതിരായുമുള്ള നിയമ നടപടികൾ

7. വിവാഹിതരായ സ്ത്രീകൾക്ക് നിയമനടപടികൾ എടുക്കാവുന്നതാണെന്ന്.— ഒരു വിവാഹിതയായ സ്ത്രീക്ക് മുൻപറഞ്ഞ ഇൻഡ്യൻ പിൻതുടർച്ച ആക്റ്റ്, 1865 (1865-ലെ 10) ന്റെയോ, ഈ ആക്റ്റിന്റെയോ ബലത്താൽ തന്റെ പ്രത്യേക വസ്തുവായിട്ടുള്ളതും ഏതു തരത്തിൽപ്പെട്ടതുമായ വസ്തു വീണ്ടെടുക്കുന്നതിന്, സ്വന്തം നാമത്തിൽ വ്യവഹാരം കൊടുക്കാവുന്നതും; അവൾക്കു സ്വന്തം നാമത്തിൽ അങ്ങനെയുള്ള വസ്തുവിന്റെ രക്ഷണത്തിനും സുരക്ഷിതത്വത്തിനും വേണ്ടി, എല്ലാ ആളുകൾക്കുമെതിരായി, അവൾ അവിവാഹിതയായിരുന്നാലെന്നപോലെയുള്ള, സിവിലായും

ക്രിമിനലായും ഉള്ള അതേ നിവൃത്തിമാർഗ്ഗങ്ങൾ, ഉണ്ടായിരിക്കുന്നതും, അങ്ങനെയുള്ള വസ്തു സംബന്ധിച്ച് അവിവാഹിതയായിരുന്നുവെങ്കിൽ അവൾ വിധേയയാകുമായിരുന്നതുപോലെയുള്ള വ്യവഹാരങ്ങൾക്കും, നടപടികൾക്കും, ഉത്തരവുകൾക്കും, അവൾ വിധേയയായിരിക്കുന്നതും ആകുന്നു.

8. വിവാഹാനന്തരമുള്ള കടങ്ങൾക്ക് ഭാര്യയുടെ ബാദ്ധ്യത.— ഒരു വിവാഹിതയായ സ്ത്രീക്ക് (1866 ജനുവരി ഒന്നാം ദിവസത്തിനുമുമ്പോ പിമ്പോ വിവാഹിതയായവളായാലും) പ്രത്യേക വസ്തു കൈവശമുണ്ടായിരിക്കുകയും, ഏതെങ്കിലും ആൾ അവളുമായി ഒരു കാൺട്രാക്റ്റിൽ, അങ്ങനെയുള്ള വസ്തു സംബന്ധിച്ചോ അല്ലെങ്കിൽ അങ്ങനെയുള്ള കാൺട്രാക്റ്റിൽ നിന്നുൽഭവിക്കുന്ന കടപ്പാട് അവളുടെ പ്രത്യേക വസ്തുവിൽനിന്ന് നിറവേററപ്പെടുമെന്നുള്ള വിശ്വാസത്തിൻമേലോ, ഏർപ്പെടുകയും ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള ആൾക്ക് അവൾക്കെതിരായി വ്യവഹാരം കൊടുക്കുവാനും, അവൾ കാൺട്രാക്റ്റ് തീയതി അവിവാഹിത ആയിരിക്കുകയും, വിധി നടത്തൽ സമയത്ത് അവിവാഹിതയായി തുടരുകയും ചെയ്തിരുന്നുവെങ്കിൽ, അങ്ങനെയുള്ള വ്യവഹാരത്തിൽ അയാൾക്ക് ഈടാക്കാമായിരുന്നതെന്തും, അവളുടെ പ്രത്യേക വസ്തുവിന്റെ വ്യാപ്തിയോളം, അവൾക്കെതിരായി ഈടാക്കുവാനും അവകാശമുണ്ടായിരിക്കുന്നതാണ്:

എന്നാൽ ഇതിൽ അടങ്ങിയ യാതൊന്നും—

(ക) ഏതു വസ്തുവാണോ ഒരു സ്ത്രീയ്ക്കോ അല്ലെങ്കിൽ അവളുടെ ഗുണത്തിനോ ആയി അവളുടെ വിവാഹം നിലവിലുള്ള കാലത്ത്, അതോ അതിൻമേൽ അവൾക്കുള്ള ഗുണാനുഭോഗവകാശമോ, കൈമാററം ചെയ്യുവാനോ, ചാർജ്ജ് ആക്കുവാനോ അവൾക്ക് അധികാരം ഉണ്ടായിരിക്കുന്നതല്ല എന്നുള്ള ഉപാധിയോടെ, കൈമാററം ചെയ്യപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും വസ്തുവിൽനിന്ന് ജപ്തി ചെയ്ത് വില്ക്കുന്നതുവഴിയോ മററുവിധത്തിലോ ഏതെങ്കിലും ഈടാക്കുവാൻ അങ്ങനെയുള്ള ആൾക്ക് അവകാശം നല്കുകയോ, അല്ലെങ്കിൽ

(ഖ) തന്റെ ഭാര്യയുടെ പ്രകടമോ, വ്യംഗ്യമോ ആയ ഏജൻസിവഴി ഉണ്ടായിട്ടുള്ള കടങ്ങൾക്കുള്ള ഭർത്താവിന്റെ ബാദ്ധ്യതയെ ബാധിക്കുകയോ, ചെയ്യുന്നതല്ല.

## V. ഭാര്യയുടെ കടങ്ങൾക്ക് ഭർത്താവിന്റെ ബാദ്ധ്യത

9. ഭർത്താവ് വിവാഹത്തിനുമുമ്പുള്ള, ഭാര്യയുടെ കടങ്ങൾക്ക് ബാദ്ധ്യസ്ഥനല്ലെന്ന്.— 1865 ഡിസംബർ മുപ്പത്തൊന്നാം ദിവസത്തിനുശേഷം വിവാഹം കഴിച്ച ഭർത്താവ്, അങ്ങനെയുള്ള വിവാഹം മാത്രം കാരണമായി വിവാഹത്തിനുമുമ്പ് അയാളുടെ ഭാര്യയ്ക്കുണ്ടായിട്ടുള്ള കടങ്ങൾക്ക് ബാദ്ധ്യസ്ഥനാകുന്നതല്ല, എന്നാൽ ഭാര്യയ്ക്കെതിരായി വ്യവഹാരം കൊടുക്കാവുന്നതും അവളുടെ പ്രത്യേക വസ്തുവിന്റെ വ്യാപ്തിയോളം, അങ്ങനെയുള്ള കടങ്ങൾ തീർക്കുവാനും അവൾ അവിവാഹിതയായി തുടർന്നിരുന്നെങ്കിലെന്നപോലെ, ബാദ്ധ്യസ്ഥയായിരിക്കുന്നതും ആകുന്നു.

പരിമിതി വ്യവസ്ഥ.— എന്നാൽ ഈ വകുപ്പിൽ അടങ്ങിയ യാതൊന്നും ഒരു ഭർത്താവ് തന്റെ ഭാര്യയുടെ, വിവാഹത്തിനുമുമ്പുള്ള കടങ്ങൾക്ക് പ്രതിഫലമായി, ഈ ആക്റ്റ് പാസ്സാക്കുന്നതിന് മുമ്പ് ഏർപ്പെട്ടിട്ടുണ്ടായിരിക്കാവുന്ന ഏതെങ്കിലും കാൺട്രാക്റ്റ് അസാധുവാക്കുന്നതല്ല.

## VI. ഭാര്യയുടെ ട്രസ്റ്റ് ലംഘനത്തിനോ നാശം ചെയ്യലിനോ ഭർത്താവിനുള്ള ബാദ്ധ്യത.

10. ഭാര്യയുടെ ട്രസ്റ്റ്ലംഘനത്തിനോ നാശം ചെയ്യലിനോ ഭർത്താവിനുള്ള ബാദ്ധ്യതയുടെ വ്യാപ്തി.— ഒരു സ്ത്രീ വിവാഹത്തിനുമുമ്പോ പിമ്പോ, ഒരു ട്രസ്റ്റിയോ, എക്സിക്യൂട്ടറോ, അഡ്മിനിസ്ട്രേറ്ററോ ആയിരിക്കുന്നിടത്ത്, അവളുടെ ഭർത്താവ്, ട്രസ്റ്റിലോ അഡ്മിനിസ്ട്രേഷനിലോ അയാൾ പ്രവർത്തിക്കുകയോ ഇടപെടുകയോ ചെയ്യാത്തപക്ഷം, അവൾ ചെയ്യുന്ന ഏതെങ്കിലും ട്രസ്റ്റ്ലംഘനത്തിനോ അല്ലെങ്കിൽ മരിച്ചുപോയ ആളുടെ എസ്റ്റേറ്റിന് അവൾ സംഭവിപ്പിക്കുകയോ ഉണ്ടാക്കുകയോ ചെയ്യുന്ന ഏതെങ്കിലും ദുർവിനിയോഗത്തിനോ നഷ്ടത്തിനോ നാശനഷ്ടത്തിനോ അല്ലെങ്കിൽ മരിച്ചുപോയ ആളുടെ വസ്തുവിന്റെ ഏതെങ്കിലും ഭാഗം കൈവരുത്തുന്നതിൽ അവളുടെ ഉപേക്ഷയാൽ അങ്ങനെയുള്ള എസ്റ്റേറ്റിനുളവാകുന്ന ഏതെങ്കിലും നഷ്ടത്തിനോ, ബാദ്ധ്യസ്ഥയാകുന്നതല്ല.